

# പാന്റ്സ്

## ഈ പരിശീലന പാഠത്തിൽ നിങ്ങൾ ആർക്കും ഇണങ്ങുന്ന സുഖപ്രദമായ പാന്റ്സ് എങ്ങനെ നിർമ്മിക്കാമെന്നു പഠിക്കും.



നിങ്ങൾ എപ്പോഴെങ്കിലും നിങ്ങൾക്ക് പാകമായതും ഇണങ്ങുന്നതുമായ പാന്റ്സിനു വേണ്ടി അന്വേഷിച്ച് വലഞ്ഞിട്ടുണ്ടോ. അടുത്ത തവണ അങ്ങനെ ഇണക്കമുള്ള ആ പാന്റ്സ് കിട്ടാൻ വേണ്ടി വെറുതേ അലഞ്ഞു സമയം കളയാതെ. നിങ്ങളുടെ മെഷീൻ പുറത്തെടുക്കൂ. നല്ലതൊരെണ്ണം നിങ്ങൾക്കായി തയ്ച്ചു നോക്കൂ. അതെ. ആദ്യത്തെ ഒരു ജോഡി തയ്ക്കുന്നതു ചിലപ്പോൾ ഒരു വെല്ലുവിളി ആയിരിക്കും. പക്ഷേ, ഒരിക്കൽ നിങ്ങൾ അതു ചെയ്താൽ. നിങ്ങൾ ഈ വെല്ലുവിളി ഏറ്റെടുത്തതിൽ. സന്തോഷിക്കും എന്ന കാര്യത്തിൽ ഞങ്ങൾക്കു സംശയമില്ല.

ഇതാ, എളുപ്പം മനസ്സിലാക്കാനാകുന്ന ഒരു പരിശീലനപാഠം. മറ്റുള്ളവരെ കാണിക്കാക്കാൻ ആഗ്രഹിക്കുന്ന പാന്റ്സ്. ഉണ്ടാക്കാൻ ഇത് നിങ്ങളെ സഹായിക്കും. നിങ്ങൾക്ക് വേണ്ടവയാണ് രണ്ട് അര മീറ്റർ തുണി. പാന്റിനുള്ള ടെമ്പ്ലേറ്റ്. ഇത് ഞങ്ങളുടെ വെബ്സൈറ്റ് ഉഷാ സോ ഡോട്ട് കോമിൽ നിന്നും നിങ്ങൾക്ക് ഡൗൺലോഡ് ചെയ്യാം. ഇലാസ്റ്റിക്ക്. നൂൽ. ഇലാസ്റ്റിക്ക് കോർക്കാൻ സേഫ്റ്റി പിൻ. ഒരു കത്രിക വേണം. ടേപ്പ്. ഒരു മാർക്കിംഗ് പേനയും വേണം.

ഈ ടെമ്പ്ലേറ്റ് എക്സ്ട്രാ സ്മോൾ സൈസ് വാങ്ങുന്ന ഒരാൾക്കു പാകത്തിനുള്ളതാണ്.

ഇനി മടക്കിയ തുണി നല്ല വശം ഒന്നിച്ചു വരുന്ന രീതിയിൽ ടേബിളിൽ വിരിക്കുക.

ടെമ്പ്ലേറ്റ് തുണിക്ക് മുകളിൽ വിരിക്കുക. കാണിക്കുന്നതു പോലെ ടെമ്പ്ലേറ്റ് തുണിയിൽ പിൻ ചെയ്യുക.












ടെമ്പ്ലേറ്റിന്റെ അളവുകളിലൂടേയും കട്ട്സിലൂടേയും ഞങ്ങൾ നിങ്ങളെ വേഗം കൊണ്ടു പോകാം.

നിങ്ങൾക്ക് സീംസിനു ആവശ്യത്തിനുണ്ടോ എന്നുറപ്പാക്കേണ്ടതുണ്ട്. ഇതാണ് മുഴുവൻ നീളം. നാല് ഇഞ്ച് കൂടി കൂട്ടുക. അതായത്. ടോപ്പ് കേസിംഗും ബോട്ടം ഹെം അലവൻസും.

മുകളിലെ അറ്റത്തു നിന്ന് ക്രോച്ച് ഡെപ്ത്. എടുക്കുന്നത് ഹിപ്പിന്റെ നാലിൽ ഒന്നിന്റ് കൂടെ. നാല് ഇഞ്ച് കൂടി കൂട്ടിയാണ്. ഇത് ഈസും കേസിംഗ് അലവൻസും ചേർന്നതാണ്. അതു പോലെ. മധ്യരേഖയ്ക്ക് ഇരുവശവുമായി ഈ അളവ് അടയാളപ്പെടുത്തുക. ഇത് ക്രോച്ച് ലെവലിനായാണ്.ഇതാണ് കർവ്ഡ് ക്രോച്ച് ലൈൻ. ടെമ്പ്ലേറ്റിന്റെ അറ്റത്തു കൂടി തുണിയിൽ അടയാളപ്പെടുത്തുക. അടയാളപ്പെടുത്തിയതിനു മുകളിലൂടെ മുറിക്കുക. പിന്നുകൾ മാറ്റുക.

നമ്മൾ പാന്റ്സിന്റെ ക്രോച്ച് ഭാഗത്തെ. സീംസ്. തയ്ച്ചാണ് തുടങ്ങുന്നത്.

തുണിയുടെ രണ്ട് പാളിയും ചേർത്ത് പിൻ ചെയ്യുക. ഇതു പോലെ തുടരുക.

മെഷീൻ സെറ്റ് ചെയ്യുക. പാറ്റേൺ സിലെക്ടർ ഡയൽ എ–യിലേക്കു തിരിക്കുക. സ്ട്രെയിറ്റ് സ്റ്റിച്ചിനാണിത്. സ്റ്റിച്ച് ലെങ്ത് ടൂ ആന്റ് ഹാഫാക്കുക.

ലോക്ക്. സ്റ്റിച്ചിൽ തുടങ്ങുക. അവസാനിപ്പിക്കുന്നതും ഇത് കൊണ്ടായിരിക്കണം.തയ്ച്ച് വരുമ്പോൾ പിൻ എടുക്കാൻ മറക്കരുത്. തയ്ച്ച് വരുമ്പോൾ പിൻ എടുക്കാൻ മറക്കരുത്.

ഇനി സിഗ്–സാഗ് സ്റ്റിച്ച് തിരഞ്ഞെടുക്കുക. ഇതിനായി പാറ്റേൺ സിലെക്ടർ ഡയൽ സി–യിലോട്ട് തിരിക്കുക. ഓവർ എഡ്ജിംഗിനാണിത്. സ്റ്റിച്ച് ലെങ്ത്. വൺ ആന്റ് ഹാഫാക്കുക.

രണ്ടു വശവും. തയ്ക്കുക. ഇത് ഒരു നല്ല ഫിനിഷിംഗ് നൽകും. നിങ്ങളുടെ തുണിയ്ക്കു ബലം നൽകാനും ഇത് ഉപകരിക്കും. അതിലൂടെ നിങ്ങൾക്ക് വസ്ത്രങ്ങളിലെ. തയ്യൽ വിട്ടു പോകുന്നതു പോലുള്ള ലജ്ജാകരമായ അവസ്ഥകൾ ഒഴിവാക്കാം. രണ്ടറ്റങ്ങളും ചേർത്തു നോക്കുക. അവയുടെ നല്ല വശങ്ങൾ. പരസ്പരം അഭിമുഖീകരിക്കണം. ഇതു പോലെ. ഒരു പാന്റിന്റെ ആകാരം കിട്ടുവാനായി. പാന്റിന്റെ കാലുകളുടെ ഉൾവശമാണിത്. പാന്റിന്റെ. കാലുകളുടെ ഉൾവശം ചേർത്ത്. പിൻ ചെയ്യുക. നിങ്ങളുടെ പാന്റ്സിന്റെ. കാലുകളുടെ ഉൾവശം. തയ്ക്കാനായി കൊണ്ടു പോകൂ.

പാറ്റേൺ സിലെക്ടർ ഡയൽ എ–യിലേയ്ക്കു സ്ട്രെയ്റ്റ് സ്റ്റിച്ചിനായി തിരിക്കുക. സ്റ്റിച്ച് ലെങ്ത് ടൂ ആന്റ് ഹാഫാക്കുക.




ഉൾവശങ്ങൾ തയ്ക്കുക. തുടങ്ങുമ്പോഴും അവസാനിപ്പിക്കുമ്പോഴും റിവേഴ്സ് സ്റ്റിച്ച് കൊടുക്കാൻ മറക്കരുത്.

തയ്ക്കുമ്പോൾ പിന്നുകൾ നീക്കം ചെയ്യുക.

ഓവർ എഡ്ജിംഗിനായി സിഗ്-സാഗ് സ്റ്റിച്ചുകൾ. വീണ്ടും ഉപയോഗിക്കുക.

പാറ്റേർൺ സിലെക്ടർ സി-യിലേയ്ക്ക് തിരിക്കുക. സ്റ്റിച്ച് ലെങ്ത് വൺ ആന്റ് ഹാഫാക്കുക.

ഉൾവശങ്ങൾ തയ്ക്കുക. മറുവശത്തും ആവർത്തിക്കുക.

അടുത്തതായി. നമ്മൾ ബോട്ടവും വെയിസ്റ്റ് ബാൻഡും തയ്ക്കുന്നതായിരിക്കും.

ബോട്ടം ഹെം അലവൻസ്. അരയിഞ്ച് മടക്കുക. പിന്നീട് ഒരിഞ്ചും. യഥാസ്ഥാനത്ത് പിൻ ചെയ്യുക.

മറുവശത്തും ആവർത്തിക്കുക.

അതു പോലെ. മുകളിൽ അരയിഞ്ചും ഒന്നേകാൽ ഇഞ്ചുമായി.  രണ്ട് മടക്ക് നൽകുക. യഥാസ്ഥാനത്ത് പിൻ ചെയ്യുക.

സീം അലവൻസിനോടു ചേരുന്നിടത്ത്. വെയിസ്റ്റ് ബാൻഡിൽ ഒരു പോയിന്റ് അടയാളപ്പെടുത്തുക.

ഒന്നേകാൽ. ഇഞ്ച്  ആ പോയിന്റിൽ നിന്നും. അളന്ന് അടയാളപ്പെടുത്തുക.  ഇതാണ് നമുക്ക് ഇലാസ്റ്റിക്ക് കടത്താനുള്ള. വിടവ്.

മെഷീനിലെ പാറ്റേർൺ സിലെക്ടർ എ-യിലേയ്ക്കു തിരിക്കുക. സ്റ്റിച്ച് ലെങ്ത്. ടു ആന്റ് ഹാഫാക്കുക. തയ്യൽ മെഷീന്റെ മുൻഭാഗം നീക്കം ചെയ്യുക. ഫ്രീ ആം സോയിംഗിനു വേണ്ടിയാണിത്.

മടക്കിയ ബോട്ടം തയ്ക്കുക.  തയ്ക്കുമ്പോൾ പിൻ നീക്കം ചെയ്യുക.



രണ്ടു വശത്തേയും ബോട്ടമുകൾ തയ്ച്ചതിനു ശേഷം. തയ്യൽ മെഷീന്റെ. മുൻഭാഗം പുനഃസ്ഥാപിക്കുക.

വെയിസ്റ്റ് ബാൻഡിലേയ്ക്കു നീങ്ങാം.

അടയാളപ്പെടുത്തിയ ഒരു പോയിന്റിൽ നിന്നും തുടങ്ങി. അടുത്ത പോയിന്റു വരെ. തയ്ക്കുക. പോയിന്റുകൾക്കിടയിൽ. ഒരു ചെറിയ വിടവ്. ശേഷിക്കണം. വെയിസ്റ്റ് ലെങ്ത്തിന്റെ അളവിൽ ഇലാസ്റ്റിക്ക് എടുക്കുക. സാധാരണയായി അത്. നിങ്ങളുടെ വെയിസ്റ്റ് ലെങ്ത്തിന്റെ പകുതിയുടെ. കൂടെ. രണ്ട് ഇഞ്ചോളം ചേർക്കുന്നതാണ്.  അളവിനു മുറിക്കുക.

സേഫ്റ്റി പിൻ ഉപയോഗിച്ച്. വിടവിലൂടെ ഇലാസ്റ്റിക്ക് കോർക്കുക.  മുഴുവൻ ഇലാസ്റ്റിക്കും. ഉള്ളിലാകാതെ. നോക്കാൻ. ഇലാസ്റ്റിക്കിന്റെ അറ്റം. പിൻ ചെയ്യുക.

ഇലാസ്റ്റിക്ക് കോർത്തു കഴിഞ്ഞ്. രണ്ട് അറ്റവും ഒന്നിനു മേൽ ഒന്നായി. ചേർത്ത് പിൻ ചെയ്യുക.



ഇലാസ്റ്റിക്കിന്റെ അറ്റങ്ങൾ ചേർത്ത് തയ്ക്കുക. ഇതു പോലെ ഒരു ബോക്സിന്റെ ആകൃതിയിൽ. നേരത്തെ തയ്ച്ചതിനു മുകളിലൂടെ തയ്ക്കുക.   അധികമുള്ള നൂൽ മുറിച്ച് മാറ്റുക.

ഇലാസ്റ്റിക്ക് വെയിസ്റ്റ് ബാൻഡിനുള്ളിൽ കടത്തുക. വിടവ് തയ്ച്ച്. അടയ്ക്കുക. ഓർക്കുക. രണ്ടറ്റവും ലോക്ക് സ്റ്റിച്ച് ചെയ്യുക.  അധികമുള്ള നൂൽ മുറിച്ച് മാറ്റുക.

പാന്റിന്റെ നല്ല വശം തിരിച്ചിടുക.  നന്നായി അയൺ ചെയ്യുക. ധരിച്ചു നോക്കുക. ചലഞ്ചിൽ വിജയിച്ചിരിക്കുന്നു.

ഇനി ഒരിക്കലും. ആ പെർഫെക്ട് പെയർ ഓഫ് പാന്റ്സിനു വേണ്ടി അലയേണ്ടതില്ല. കാരണം. നിങ്ങൾക്ക് സ്വന്തമായി ഒരെണ്ണം തയ്ക്കാനാകും. അതു ഒരു സന്തോഷമല്ലേ.